പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5622 | 02.07.2014- ൽ മറുപടിക്ക് |
|---|---|

## ഭക്ഷ്യസുരക്ഷാനിയമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. കെ. ബഷീർ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യസുരക്ഷാനിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിലേയ്ക്കായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | എ) | ഫുഡ്സേഫ്ടി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് ഫലപ്രദമായി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ കർശനമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br>ഫുഡ്സേഫ്ടി ആക്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം ഫുഡ്സേഫ്ടി കമ്മീഷണർ, ജില്ലാതല ഡെസിഗ്നേറ്റഡ് ഓഫീസർമാർ, സർക്കിൾതല ഫുഡ് സേഫ്ടി ഓഫീസർമാർ എന്നിവരെ നിയമിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തിട്ടുണ്ട്.<br>സംസ്ഥാനത്ത് ആരോഗ്യവകുപ്പിലും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കൂടി 98 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികകളാണ് ഉണ്ടായിരുന്നത്. ഇത് തികച്ചും അപര്യാപ്തമായതിനാൽ 57 ഫുഡ് സേഫ്ടി ഓഫീസർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുകയും കൂടാതെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികകൾ ഭക്ഷ്യസുരക്ഷാ വകുപ്പിലേക്ക് മാറ്റുകയും ചെയ്തിരുന്നു. ആയത് ഉപയോഗപ്പെടുത്തി നിയമസഭയുടെ Subordinate Legislation Committee യുടെ ശുപാർശപ്രകാരം എല്ലാ നിയോജകമണ്ഡലത്തിലും ഒരു ഫുഡ് സേഫ്റ്റി ഓഫീസ് എന്ന രീതിയിൽ പുനക്രമീകരിച്ച് ഇതിനകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയതിന്റെ പ്രവർത്തനം തുടങ്ങുന്നതിനു വേണ്ട നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ ഭരണ സംവിധാനം കാര്യക്ഷമമാക്കുവാൻ കമ്മീഷണറേറ്റിൽ രണ്ട് ജോയിന്റ് ഫുഡ് സേഫ്ടി കമ്മീഷണർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഫുഡ് സേഫ്ടി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ, ലബോറട്ടറിഅക്രഡിറ്റേഷൻ നടപടികളുടെ ഭാഗമായി രാജ്യത്തെ തിരഞ്ഞെടുക്കപ്പെട്ട 35 സർക്കാർ അനലിറ്റിക്കൽ ലാബുകൾ നവീകരിക്കുന്നതിന് വേണ്ടിയുള്ള പഠനം നടത്തുകയും, ഇതിൽ ആദ്യഘട്ടത്തിൽ തന്നെ കേരളത്തിലെ മൂന്നുലാബുകൾക്ക് അത്യാധുനിക ഉപകരണങ്ങളും മറ്റ് സൗകര്യങ്ങൾക്കുമായി 12 കോടി രൂപയുടെ സഹായം നൽകാനുള്ള നടപടികൾ സ്വീകരിക്കും എന്നും അറിയിച്ചിട്ടുണ്ട്.<br><br>ഭക്ഷ്യവ്യാപാരികൾക്ക് ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച് ബോധവൽക്കരണവും പരിശീലനവും നൽകുന്നതിനായി മൂവായിരത്തിലധികം ക്ലാസ്സുകൾ സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചിട്ടുണ്ട്.<br><br>പൊതുജനങ്ങളുടെ പരാതികൾക്ക് ഉടൻതന്നെ പരിഹാരം കണ്ടെത്തുന്നതിനായി പൊതുജനങ്ങൾക്കായി ടോൾഫ്രീ നമ്പറിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട് (1800 425 1125).<br><br>കൂടാതെ സംസ്ഥാനത്തെ ആർഡിഒ മാരെ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം അഡ്ജ്യൂട്ടിക്കേറ്റിംഗ് ഓഫീസറായി നോട്ടിഫൈ ചെയ്യതിട്ടുള്ളതും ടി ഉദ്യോഗസ്ഥർക്ക് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ നിന്നും പരിശീലനം നൽകിയിട്ടുള്ളതുമാണ്. |
| ബി) | പ്രസ്തുത നിയമം പൂർണ്ണമായതോതിൽ നടപ്പിലാക്കാൻ ഇപ്പോൾ എന്തെല്ലാം തടസ്സങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ? | ബി) | 1. സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ നിയമനം നടത്തുക<br>2. ഭക്ഷ്യസുരക്ഷാ നിയമത്തിൽ നിഷ്കർഷിക്കും പ്രകാരം അപ്പലേറ്റ് ട്രിബ്യൂണലുകൾ സംസ്ഥാനത്ത് സ്ഥാപിക്കണം. ആയതിനുള്ള നിർദ്ദേശവും തുടർനടപടികളും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.<br>3. പ്രത്യേക കോടതികൾ വിജ്ഞാപനം ചെയ്യുക.<br><br>മേൽ കാര്യങ്ങളിലെല്ലാം നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**